(എഫ്)ആഡിറ്റിംഗിന് ആവശ്യമായ രേഖകൾ കാണിക്കാത്ത ഉദ്യോഗ സ്ഥർക്ക് എതിരെ നടപടി എടുക്കുവാനുള്ള വ്യവസ്ഥ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലുണ്ടോ;

(ജി) എങ്കിൽ ഇതനുസരിച്ച് ആർക്കെങ്കിലുമെതിരെ നടപടി എടുത്തിട്ടുണ്ടോ;

(എച്ച്) രേഖകൾ യഥാസമയം ഹാജരാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കേണ്ടതില്ല എന്ന് കാണിച്ച് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സർക്കുലർ അയച്ചിട്ടുണ്ടോ;

(ഐ) ഇത് നിയമത്തിലെ വ്യവസ്ഥയ്ക്ക് എതിരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജെ) എങ്കിൽ ഇതിനെതിരെ എന്തു നടപടി എടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

വർഷം	ആകെ തുക (കോടി രൂപ)
1997-98	1025
1998-99	1116
1999-2000	1154.4

(ബി) ഇതു സംബന്ധിച്ച് കണക്കുകൾ തദ്ദേശസ്വയംഭരണവകുപ്പ് ശേഖരിച്ചു വരുന്നതേയുള്ളു.

(സി) പെർഫോമൻസ് ആഡിറ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ്, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് എന്നീ വിഭാഗങ്ങൾക്കുപുറമെ ധനകാര്യ ഇൻസ്പെക്ഷൻവിംഗും സ്റ്റോർസ് പർച്ചേസ് വകുപ്പും ഇൻസ്പെക്ഷൻ നടത്തുന്നുണ്ട്.

(ഡി) ആഡിറ്റിന് ആവശ്യമായ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്)ഉണ്ട്.

(ജി) യഥാസമയം രേഖകൾ ഹാജരാക്കാത്ത ഉദ്യോഗസ്ഥന്മാർക്കെതിരെ എടുത്തിട്ടുള്ള നടപടി സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(എച്ച്) ഇല്ല.

(ഐ)&(ജെ) ചോദ്യം എച്ച്-ലെ മറുപടിയുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

45 (1086) ബാറുകൾക്ക് ലൈസൻസ് പുതുക്കി നൽകിയ നടപടി

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പിറവം നിയോജകമണ്ഡലത്തിൽപ്പെട്ട ആമ്പല്ലൂർ, ചോറ്റാനിക്കര, തിരുവാങ്കുളം എന്നീ പഞ്ചായത്തുക

LIBRARY ARCHIVES Kerala Legislative Assembly

ളിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ഏതെല്ലാം ബാറുകളാണ് ലൈസൻസുകൾ പുതുക്കി നൽകി മറ്റു സ്ഥലങ്ങളിൽ നിന്നും മാറ്റി ഇവിടെ പ്രവർത്തിക്കുന്നത്;

(ബി) ഈ ബാറുകളുടെ ഇപ്പോഴത്തെ ലൈസൻസികളുടെ പേരും മേൽവിലാസവും വ്യക്തമാക്കുമോ;

(സി) ഈ ബാറുകളെ സംബന്ധിച്ച് കേരള ഹൈക്കോടതിയും, സുപ്രീംകോടതിയും എന്തെങ്കിലും വിധികൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്;

(ഇ) ഈ ബാറുകൾ 2000 മാർച്ച് 31 ന് ശേഷം തുടർന്ന് പ്രവർത്തിക്കുവാൻ അനുവാദം നൽകാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) 1) ഹോട്ടൽ സെൻട്രൽ ഗാർഡൻസ്, കാഞ്ഞിരമറ്റം, ആമ്പല്ലൂർ പഞ്ചായത്ത്.

2) ലൗലാന്റ് ടൂറിസ്റ്റ് ഹോം, ചോറ്റാനിക്കര.

3) ഹോട്ടൽ സനാന, ചിത്രപ്പുഴ, തിരുവാങ്കുളം പഞ്ചായത്ത്.

4) ഹോട്ടൽ ജോയിസ് ഇന്റർനാഷണൽ, തിരുവാംകുളം.

(ബി) 1. ശ്രീ. കെ. മോഹൻ, ലൈസൻസി, സെൻട്രൽ മർച്ചന്റ്, കാഞ്ഞിരമറ്റം.

2. ശ്രീ. മാത്യു ജോസഫ് ലൈസൻസി, ലൗലാന്റ് ടൂറിസ്റ്റ് ഹോം, ചോറ്റാനിക്കര.

3. ശ്രീമതി രേണുക മോഹൻദാസ്, ലൈസൻസി ഹോട്ടൽ സനാന, ചിത്രപ്പുഴ.

4. ശ്രീ. ജോയിസ് ജോർജ്, ലൈസൻസി, ഹോട്ടൽ ജോയിസ് ഇന്റർനാഷൽ, തിരുവാങ്കുളം.

(സി) ഉണ്ട്.

(ഡി) ഹൈക്കോടതി വിധിക്കെതിരെ വിവിധ കക്ഷികൾ സുപ്രീം കോടതിയിൽ സമർപ്പിച്ച സ്പെഷ്യൽ റിട്ട് പെറ്റീഷനുകൾ അവർ സ്വയം പിൻവലിച്ചു. തുടർന്നുള്ള സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ 23.9.99 ൽ ടി. ബാറുകൾ അടച്ചുപൂട്ടി. അവർ നൽകിയ അപേക്ഷകൾ കമ്മീഷണർ പരിശോധിച്ചു. ചട്ടം 24 സംബന്ധിച്ച് ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ നിരാകരിച്ചു. അതിനെ തുടർന്ന് ഹോട്ടൽ സെൻട്രൽ ഗാർഡൻസ്, കാഞ്ഞിരമറ്റത്തിന്റെ ലൈസൻസിയാൽ ഫയൽ ചെയ്യപ്പെട്ട ഒ.പി. 24522/ 99 ലെ സി.എം.പി. 41216/99, ലൗലാന്റ് ടൂറിസ്റ്റ് ഹോം ചോറ്റാനിക്കരയുടെ ലൈസൻസി ഫയൽ ചെയ്ത ഒ.പി. 24330/99 ലെ സി.എം.പി. 40801/99 ഹോട്ടൽ സനാന, ചിത്രപ്പുഴയുടെ ലൈസൻസിക്കാർ ഫയൽ ചെയ്യപ്പെട്ട ഒ.പി. 24193/99 ലെ സി.എം.പി. 40569/99 ഹോട്ടൽ ജോയിസ് ഇന്റർനാഷണൽ തിരുവാംകുളത്തിന്റെ ലൈസൻസി ഫയൽ ചെയ്ത പി. 24099/99 ജി.എം.പി. 40421/99 എന്നിവ പ്രകാരം ബഹു. കേരള ഹൈക്കോടതി 1999 ഒക്ടോബർ അഞ്ചാം തീയതി പുറപ്പെടുവിച്ച താൽക്കാലിക വിധി അനുസരിച്ച് ബഹു. കോടതിയിൽ നിന്നും ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ ഇവ തുടർന്ന്

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുവാൻ അനുമതി നൽകിയിട്ടുള്ളതുമാണ്. മേൽപറഞ്ഞ ഒ.പി. കൾ ഇപ്പോൾ ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുക യാണ്.

(ഇ) ബഹു. കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുക ളിലെ ഉത്തരവിന് അനുസൃതമായി മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

46 (1087) മയക്കുമരുന്ന് വിൽപ്പന കേസുകൾ

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 ൽ എത്ര മയക്കുമരുന്നു വിൽപ്പന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) തിരുവനന്തപുരത്ത് കോവളം, കടപ്പുറം, കരിമഠം കോളനി, ചെങ്കൽചൂള കോളനി, കോഴിക്കോട് ബംഗ്ലാദേശ് കോളനി, എറണാകുളത്ത് മട്ടാഞ്ചേരി, ഓവർ ബ്രിഡ്ജ് എന്നീ സ്ഥലങ്ങളാണ് സംസ്ഥാനത്തിലെ പ്രധാന ലഹരി വിൽപ്പന കേന്ദ്രങ്ങളെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; എങ്കിൽ അതിനെതിരായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(സി) ലഹരി മരുന്ന് കുത്തിവച്ച് 1998-99 ൽ എത്ര പേർക്കു മരണം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ലഹരി മരുന്നു വിൽപ്പന കേസുകളിൽ സ്ത്രീകളും ഉൾപ്പെട്ടി ട്ടുണ്ടോ;

(ഇ) ലഹരി മരുന്നു ഉപയോഗത്തിനെതിരായി എന്ത് ബോധവൽക്ക രണപരിപാടിയാണ് സർക്കാർ തലത്തിൽ നടപ്പിലാക്കുന്നത്?

ഉത്തരം

(എ) 1998-99 ൽ എക്സൈസ് വകുപ്പ് 63 മയക്കുമരുന്ന് വിൽപ്പന കേസുകൾ രജിസ്ററർ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. ഈ സ്ഥലങ്ങളിലെല്ലാം നിരന്തരമായ റെയ്ഡുകൾ നട ത്തുന്നുണ്ട്.

(സി) മരണം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇല്ല.

(ഇ) ബോധവൽക്കരണക്ലാസുകളും, സെമിനാറുകളും നടത്തു ന്നുണ്ട്. കൂടാതെ ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തുന്ന അബദ്ധ സാമൂഹ്യസംഘടനകൾക്ക് സാമ്പത്തികസഹായം നൽകുന്നതിനുള്ള പദ്ധ തിയും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly